(ഡി) സംയുക്ത പരിശോധനയിൽ നിലവിലുള്ള മണ്ണെണ്ണ പെർമിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ അളവ് വെട്ടിക്കുറയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യാജപെർമിറ്റുകൾ കണ്ടുപിടിക്കപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഇല്ല

(ഡി) ഇല്ല

പാചക-വാതക സിലിണ്ടർ മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുവാൻ നടപടി

113(854)ശ്രീ. ബാബു ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗാർഹിക ആവശ്യങ്ങൾക്കുള്ള പാചകവാതകത്തിന് ഉണ്ടാകുന്ന ദൗർലഭ്യം കണക്കിലെടുത്ത് പാചക-വാതക സിലിണ്ടറുകൾ മാവേലിസ്റ്റോറുകൾ വഴി വിതരണം ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഗാർഹികാവശ്യത്തിന് ആവശ്യക്കാരുള്ളപ്പോൾ ഗ്യാസ് ഏജൻസി ഉടമകൾ വ്യാവസായികമായി കരിഞ്ചന്തയിൽ പ്രസ്തുത ഗ്യാസ് വിതരണം ചെയ്യുന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഗാർഹികാവശ്യങ്ങൾക്ക് നൽകുന്ന സിലിണ്ടറുകൾ അയൽ സംസ്ഥാന അതിർത്തികളിൽ വിൽക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പരാതികൾ പരിശോധിക്കാൻ പ്രത്യേക വിജിലൻസ് സെൽ രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൽക്കാലം ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പരിശോധനകൾ നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പാചകാവശ്യത്തിന് മണ്ണെണ്ണ ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ

114(855)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly